# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5046

30.06.2014- ൽ മറുപടിക്ക്

## തീരദേശ കപ്പൽ ഗതാഗത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. ലൂഡി ലൂയിസ് :<br>ശ്രീ. എം.പി. വിൻസെന്റ് :<br>ശ്രീ. എം. എ വാഹീദ് : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളുടെയും വ്യവസായ ശാലകളുടെയും ചരക്കു നീക്കം തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലൂടെ നടത്താൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെയും വ്യവസായ ശാലകളുടെയും ചരക്ക് നീക്കം തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലൂടെ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഏതെല്ലാം തുറമുഖങ്ങളിൽക്കൂടി ചരക്കു നീക്കം നടത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) കൊല്ലം, വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിലൂടെ ഇപ്പോൾ ചരക്ക് ഗതാഗതം നടത്തിവരുന്നു. കൂടാതെ കൊടുങ്ങല്ലൂർ തുറമുഖത്തുകൂടി തീരദേശ കപ്പൽ ഗതാഗതം വഴി ചരക്ക് കൈകാര്യം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) ഇതുമൂലം ചരക്ക് നീക്കങ്ങൾക്കുള്ള ചെലവ് കരമാർഗ്ഗത്തെക്കാൾ എത്രത്തോളം കുറയുമെന്ന് വിശദമാക്കാമോ; | (സി) M/s ഡിലോയിറ്റ് എന്ന കൺസൾട്ടൻസി നൽകിയ റിപ്പോർട്ട് അനുസരിച്ച് തീരദേശ കപ്പൽ ഗതാഗതം വഴിയുള്ള ചരക്ക് നീക്കത്തിന് ദൂരമനുസരിച്ച് റോഡ് വഴിയുള്ള ചരക്ക് നീക്കത്തേക്കാൾ ടണ്ണിന് 400 മുതൽ 1400 രൂപ വരെ കുറയാൻ സാദ്ധ്യതയുണ്ട്. |

(ഡി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയനുസരിച്ച് നൽകുന്ന ഇൻസെന്റീവ് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ബാധകമാകുമോ; വിശദാംശങ്ങൾ നൽകാമോ ?

(ഡി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയനുസരിച്ച് നൽകുന്ന ഇൻസെന്റീവ് പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമാകും. തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലൂടെ കൈകാര്യം ചെയ്യുന്ന ചരക്കുകൾക്ക് ഒരു ടണ്ണിന് ഒരു കിലോമീറ്ററിന് 1 രൂപ നിരക്കിൽ കേരള തീരത്തിലൂടെയുള്ള ചരക്ക് നീക്കത്തിന് ഇൻസെന്റീവ് അനുവദിച്ചിട്ടുണ്ട്

സെക്ഷൻ ഓഫീസർ